**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 14** **29-01-2024 - ൽ മറുപടിയ്ക്ക്**

**യുവജന സംഘടനകൾ നടത്തുന്ന സമരങ്ങളിൽ പങ്കെടുക്കുന്നവരെ പോലീസ് മർദിച്ചതായ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവജന സംഘടനകൾ നടത്തുന്ന സമരങ്ങളിൽ പങ്കെടുത്തവരെ മുഖ്യമന്ത്രിയുടെ സുരക്ഷാ ഉദ്യോഗസ്ഥർ അടക്കം അതിക്രൂരമായി മർദിച്ച സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും നവകേരള സൃഷ്ടിക്കായുള്ള നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനും ലക്ഷ്യമിട്ടാണ് സംഘടിപ്പിച്ചത്. ചില യുവജന സംഘടനകൾ തുടക്കം മുതൽ തന്നെ മുഖ്യമന്ത്രി ഉൾപ്പെടെ മന്ത്രിമാർ സഞ്ചരിച്ച വാഹനങ്ങളെ തടസ്സപ്പെടുത്തിയും വാഹനത്തിന് നേരെ അക്രമസംഭവങ്ങൾ സംഘടിപ്പിച്ചതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനാധിപത്യപരമായി സംഘടിപ്പിച്ച പ്രതിഷേധങ്ങൾക്കെതിരെ ഒരു പോലീസ് നടപടിയും ഉണ്ടായിട്ടില്ല. ഇത്തരം പ്രതിഷേധങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ സുരക്ഷാ ഉദ്യോഗസ്ഥർ മർദ്ദിച്ചതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രതിഷേധ സമരങ്ങളിൽ പങ്കെടുക്കുന്നവരെ ലാത്തികൊണ്ട് തലയ്ക്കടിക്കാൻ മുഖ്യമന്ത്രിയുടെ സുരക്ഷാ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | അതീവസുരക്ഷ നിഷ്കർഷിച്ചിട്ടുള്ള മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും വാഹനവ്യൂഹത്തിലേക്ക് പ്രതിഷേധക്കാർ നീങ്ങുന്നതും അവരുടെ ജീവന് തന്നെ അപകടം സംഭവിക്കുന്ന വിധത്തിൽ പ്രതിഷേധം അക്രമാസക്തമാവുകയും ചെയ്യുന്ന അവസരത്തിൽ, 02.06.2021-ൽ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ച അഡ്വൈസറി പ്രകാരം സംരക്ഷിത വ്യക്തിയുടെ അടുത്തേക്ക് അനധികൃതമായി നീങ്ങുന്നവരെ തടഞ്ഞ് സുരക്ഷ ഉറപ്പാക്കേണ്ടത് പേഴ്സണൽ സെക്യൂരിറ്റി ഓഫീസറുടെ ചുമതലകളിൽപ്പെട്ടതാണ്. |
| (സി) | പ്രതിഷേധങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകളുടെ വസ്ത്രം പുരുഷ പോലീസ് വലിച്ചുകീറുന്നതും അവരുടെ മുടിയിൽ ബൂട്ടിട്ട് ചവിട്ടുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിലുള്ള മനുഷ്യാവകാശ ലംഘനങ്ങൾ പോലീസിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടും നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ